വളരെ ബഹുമാനത്തോടെ,
ടീച്ചർ സബിത (സുബൈദ)
കൊടുങ്ങല്ലൂർ.
അറിയുന്നതിന്,
സുഖമെന്ന് കരുതുന്നു. അല്ലാഹു കൂടുതൽ സുഖത്തിലും സന്തോഷത്തിലുമാക്കട്ടെ. ആമീൻ
താങ്കളുടെ മെയിൽ കിട്ടി. ഇസ്‌ലാം കേരള ഡോട്ട്കോം സൈറ്റിനെക്കുറിച്ചുള്ളതാങ്കളുടെ അഭിപ്രായത്തിൽ വളരെ സന്തോഷമുണ്ട്. അൽ ഹംദുലില്ലഹ്. അല്ലാഹു സ്വീകരിക്കട്ടെ. അതോടൊപ്പം താങ്കളുടെ, ഇസ്തിഗാസയോടുള്ള വിയോജിപ്പും കാണാനിടയായി.
ആദ്യമായി അതെക്കുറിച്ചു പറയുവാനുള്ളത്,, നാം ചിന്തിക്കുന്ന രീതിയിലായിരിക്കണം ഖുർആനിലും ഹദീസിലും വിവിധ വിഷയങ്ങൾക്ക് തെളിവുണ്ടാകേണ്ടത് എന്നുള്ളത് ഒഴിവാക്കി മഹാന്മാർ ഈ വിഷയത്തെ എങ്ങിനെയാണ് കണ്ടിട്ടുള്ളത് എന്നതായിരിക്കണം നാം നോക്കേണ്ടത്. കാരണം ഖുർആൻ നമ്മുടെ മുമ്പിൽ വെച്ച് അതിൽ നിന്ന് നമുക്ക് സ്വന്തമായി കണ്ടെത്തുവാൻ സാധിക്കില്ലല്ലോ, ഏതെങ്കിലും മൗലവിമാരോ മുസ്‌ലിയാക്കളോ പറഞ്ഞു തരണം. അവർ പറഞ്ഞ് തരുന്നത് കൃത്യമാണെന്ന് നാം എങ്ങിനെ വിശ്വസിക്കും ? അതു ഒരിക്കലും അന്ധമായി വിശ്വസിക്കാൻ പറ്റില്ല കാരണം അവർക്ക് തെറ്റ് സംഭവിക്കാം.

പിന്നീട് നമുക്കുള്ള ഏകവഴി പൂർവീകർ ഈ വിഷയത്തെ എങ്ങിനെ കണ്ടു. കാരണം നമുക്ക് മുമ്പ് കഴിഞ്ഞ് പോയ പൂർവീകരിലൂടെയാണ് ഈ പരിശുദ്ധ ദീൻ നമ്മിലേക്കെത്തിയത്. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ, വിശുദ്ധ ഖുർആൻ ഒന്നിച്ച് ഒരു ഗ്രന്ഥത്തിലാക്കി പ്രവാചകൻ (സ)ക്ക് അല്ലാഹു എത്തിച്ചു കൊടുക്കുകയല്ല ചെയ്തത്. പ്രവാചകൻെറ 23 വർഷത്തിനിടയിൽ ഓരോ സാഹചര്യത്തിനും അന്ന് ജീവിച്ച സ്വഹാബത്തിൻെറ ഓരോ പ്രവർത്തികാരണമായും മറ്റുമായി അതതവസരത്തിൽ ജിബ്‌രീൽ (അ)ലൂടെ അല്ലാഹു ഇറക്കുകയായിരുന്നു. അതു അപ്പോൾ തന്നെ സ്വഹാബത്തു മന:പാഠമാക്കുകയോ വല്ല തോൽ കഷ്ണത്തിലോ ഈത്തപ്പന ഓലയിലോ കുറിച്ച് വെക്കുകയോ ചെയ്യുമായിരുന്നു. പ്രവാചകൻ (സ)യുടെ കാലത്തിന് ശേഷം അബൂബക്കർ സിദ്ധീഖ്(റ) ഭരണകാലത്ത് നടന്ന ചില യുദ്ധങ്ങളിൽ ഖുർആൻ മന:പാഠമുണ്ടായിരുന്ന പല സ്വഹാബികളും ശഹീദാവുകയുണ്ടായി. ആയതിനാൽ പിൽകാലക്കാർക്ക് വിശുദ്ധഖുർആൻ ലഭിക്കാതെപോകുമോ എന്ന് ഭയപ്പെട്ട് സ്വഹാബത്തുകളുടെ ഹൃദയത്തിലും തോൽകഷ്ണങ്ങളിലും മറ്റുമായിരുന്ന വിശുദ്ധ ഖുർആനിനെ ഒരു ഗ്രന്ഥമായി ക്രോഡീകരിച്ചു. അതാണ് ഇന്ന് നാം കാ

ണുന്ന മുസ്ഹഫ്. ചിലർ പറയാറുണ്ട് സ്വഹാബത്തിന് തെറ്റു സംഭവിക്കും എന്ന് താങ്കൾക്ക് ആ അഭിപ്രായം ഉണ്ടാകില്ല എന്ന് ഞാൻ കരുതുന്നു. സ്വഹാബത്തിന് തെറ്റ് സംഭവിക്കാമെങ്കിൽ ആ സ്വഹാബികളുടെ ഹൃദയത്തിലുണ്ടായിരുന്ന വിശുദ്ധ ഖുർആനിൽ എന്തു കൊണ്ട് തെറ്റ് സംഭവിച്ചുകൂടാ എന്ന് ആരെങ്കിലും ചോദിച്ചാൽ ഹ, അത് യുക്തിവാദമാണ് എന്ന് പറഞ്ഞു തള്ളാനാവുമോ അവർക്ക് ? ഈ വിഷയം ഇവിടെ സാന്ദർഭികമായി കുറിച്ചെന്നേയുള്ളൂ. കഴിഞ്ഞ ഒരു ദിവസം ഒരു മുജാഹിദ് പ്രവർത്തകനോട് നെറ്റിലൂടെ ഇതുമായി സംസാരിച്ചപ്പോൾ ആദ്യം അദ്ദേഹം പറഞ്ഞു. അല്ലാഹ്ഖുർആനിൽ പറഞ്ഞിട്ടുണ്ട്..      ഇന്നാ നഹ്നു.......എന്ന ആയത്ത് ഓതി ഈ ഖുർആൻ അല്ലാഹു ഇറക്കിയതാണ് അതിൻെറ സംരക്ഷണവും അല്ലാഹു ഏറ്റെടുത്തിരിക്കുന്നു എന്ന്. ഈ വിനീതൻ അദ്ദേഹത്തോട് ചോദിച്ചു തെറ്റു സംഭവിക്കാവുന്ന സ്വഹാബത്ത് ഒരുമിച്ചുകൂട്ടിയ മുസ്ഹഫിലെ തന്നെ ഒരു ആയത്ത് കൊണ്ട് എങ്ങനെ അതു തെളിയിക്കും ഈ ആയത്തു തന്നെ സ്വഹാബത്ത് കൂട്ടിച്ചേർത്തതാണെന്ന് പറഞ്ഞാൽ നിങ്ങൾക്ക് അതിനു മറുപടിയുണ്ടോ ? എന്ന് ഞാൻ ചോദിച്ചപ്പോൾ പിന്നെ പറഞ്ഞത് ഇത് യുക്തിവാദം എന്നാണ്. പിന്നീട് രക്ഷയില്ലെന്ന് കണ്ടപ്പോൾ സ്വഹാബത്തിന് മുഴുവനായി തെറ്റു പറ്റില്ല ഒറ്റൊറ്റയായേ തെറ്റു പറ്റുമെന്ന് പറഞ്ഞപ്പോൾ ഈ ഒറ്റൊറ്റയായി തെറ്റു പറ്റുന്ന സ്വഹാബി ആരാ ? അബൂബക്കർ സിദ്ധീഖോ(റ) ഉമർ(റ) അല്ലെങ്കിൽ ഉസ്മാൻ(റ) അല്ലെങ്കിൽ അലി(റ) ആരാണ് എന്നാണ് നാം മനസ്സിലാക്കേണ്ടത് എന്ന് ചോദിച്ചപ്പോൾ മറുപടിയില്ല. ഇതാണവരുടെ അവസ്ഥ. ഇതു ടീച്ചറോട് പറയേണ്ടതല്ല,, ഇങ്ങിനെത്ത ഒരു വിഭാഗവും നമ്മുടെ കൂട്ടത്തിൽ ഉണ്ട് എന്ന് സൂചിപ്പിച്ചതാണ്. അപ്പോൾ വിശുദ്ധ ഖുർആൻ മൊത്തമായി ഇറങ്ങിയതല്ല അതു വിവിധ ഘട്ടങ്ങളിലായി സാഹചര്യങ്ങൾക്കൊത്ത് ഇറങ്ങിയതാണ് എന്നാണ് നാം പറഞ്ഞു വന്നത്. അപ്പോൾ ഒരാൾക്ക് വല്ല വിഷയവും ഖുർആനിൽ നിന്ന് മനസ്സിലാക്കണമെങ്കിൽ മുസ്ഹഫ് അടുത്ത് വെച്ച് ഓരോ ന്നിൻെറ പരിഭാഷ നോക്കിയാൽ ഖുർആനിൻെറ ശരിയായ ആശയം മന സ്സിലാകില്ല അങ്ങനെ വല്ലവരും മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ അവൻ പിഴച്ചവനും പിഴപ്പിക്കുന്നവനുമായിരിക്കും കാരണം വിശുദ്ധ ഖുർആനിനെ യഥാവിധി മനസ്സിലാക്കണമെങ്കിൽ അതിൻെറ സാഹചര്യവും മറ്റും വ്യക്തമായി അറിയണം. സ്വഹാബത്തിലൂടെ മാത്രമേ ഖുർആനിനെ മനസ്സിലാക്കാൻ പറ്റുകയുള്ളൂ. ആസ്വഹാബത്തിനെ ശരിക്ക് മനസ്സിലാവണമെങ്കിൽ അവരിൽ നിന്ന് ദീൻ പഠിച്ച താബിഉത്വാബിഉകളിലൂടെ മാത്രം നാം മനസ്സിലാക്കണം കാരണം നാം മുമ്പ് പറഞ്ഞല്ലോ ഖുർആൻ ഒന്നിച്ചിറക്കി ക്കൊടുക്കാതെ അവരുടെ അവസ്ഥക്കും സാഹചര്യത്തിനുമനുസരിച്ചാണ്

ഇറക്കിയിട്ടുള്ളത് എന്ന്. അതു പോലെ തന്നെയായിരിക്കണം നാമും ഖുർ ആനിനെയും ഇസ്‌ലാമിനെയും മനസ്സിലാക്കേണ്ടത് എന്നാണ് മേൽപറഞ്ഞതിൻെറ രത്തച്ചുരുക്കം. ഖുർആനും ഹദീസും മാത്രം മതി ഇസ്‌ലാമിനെ മനസ്സിലാക്കുവാനും അതനുസരിച്ചു ജീവിക്കാനും എന്നു പറയുന്നവർക്ക് ഇസ്‌ലാമിൻെറ എല്ലാ വിഷയങ്ങളും നന്നായി മനസ്സിലാക്കുവാനോ മേലെ സൂചിപ്പിച്ചത് പോലെ യഥാവിധി കണ്ടെത്തുവാനോ സാധ്യമല്ല. ഇതു ഖുർആനിൻെറ അവസ്ഥയാണെങ്കിൽ ഹദീസിനെയും മനസ്സിലാവുന്ന രീതിയിൽ നേർക്ക് നേർ വ്യാഖ്യാനിക്കാൻ സാധ്യമല്ല. കാരണം, എന്നേക്കാൾ പ്രായമുള്ള മാത്രമല്ല എന്നേക്കാൾ വിവരവുമുള്ള ടീച്ചർക്ക് തന്നെ അറിയുമല്ലോ. അതായത് പ്രവാചകൻ(സ)യുടെ ഹദീസ് മുഴുവനും ഇന്ന് ലഭ്യമല്ല. മൊത്തം ഹദീസിൻെറ 10ൽ ഒരു ഭാഗം പോലും ഇന്നില്ല എന്നത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. ഇമാം ശാഫി ഈ(റ)ന്ന് പത്ത്‌ലക്ഷം ഹദീസ് മന:പാഠമുണ്ടായിരുന്നു എന്നുള്ളത് ഇവിടെയുള്ള എല്ലാ വിഭാഗക്കാരും അംഗീകരിക്കുന്നതാണല്ലോ അതേ സമയം ഇപ്പോഴുള്ളതോ അമ്പതിനായിരം ഹദീസ് പോലും നിലവിലില്ല. പിന്നെ എങ്ങനെ ഖുർആനും ഹദീസും കൊണ്ട് മാത്രം നമുക്ക് ഇസ്‌ലാ മിൻെറ യഥാവിധി കണ്ടെത്താൻ സാധിക്കും ? പിന്നെന്താ പരിഹാരം പത്ത്‌ലക്ഷവും അതിൽ കൂടുതലും ഹദീസുകൾ കൊണ്ട് ഇസ്‌ലാമിനെ സ്വഹാബത്തിൽ നിന്ന് നേരിട്ട് ദീൻ പഠിച്ച പൂർവീകരായ മദ്ഹബിൻെറ ഇമാമീങ്ങൾ അവർ ഇസ്‌ലാമിനെ സ്വഹാബത്തിൽ നിന്നും സ്വഹബത്ത് നേരിട്ടേൽപിച്ച വിശുദ്ധ ഖുർആനിൽ നിന്നും സ്വഹാബത്തിലൂടെ പ്രവാചകൻ(സ)യുടെ പത്ത് ലക്ഷമോ അതിലതികമോ വരുന്ന ഹദീസുകളിൽ നിന്നും ഗവേഷണം ചെയ്തു അവർ എത്രയോ ഗ്രന്ഥങ്ങൾ രചിച്ചു വെച്ചിട്ടുണ്ട്. ഇതിലൂടെ മാത്രമേ നമുക്ക് നേർവഴിയിൽ എത്തപ്പെടാൻ സാധ്യമാകൂ എന്ന് നാം മനസിലാക്കണം. ഇതിൽ നിന്നു ഭിന്നിച്ച് പോയവരുടെ ദീൻ പൂർണ്ണമായിരിക്കില്ല.

ഇസ്തിഗാസയെക്കുറിച്ച് ചോദിച്ച എനിക്ക് എന്തിനാ ഇതൊക്കെ എഴുതിയത് എന്ന് താങ്കൾ ചോദിക്കില്ല എന്ന് ഞാൻ മനസ്സിലാക്കുന്നു. വിവാദമുള്ള എന്തു വിഷയത്തെക്കുറിച്ച് ചോദിച്ചാലും ഇങ്ങനെയെ മറുപടി പറയാൻ പറ്റുകയുള്ളൂ. കാരണം ഇസ്തിഗാസയെ എതിർക്കുന്നവർ മേൽ വിവരിച്ച ഈ വഴിയിൽ വരാത്തവരാണ്. ഈ വഴിയിലൂടെ വരുന്നവർക്ക് ഇസ്തിഗാസയെ എതിർക്കാൻ സാധ്യമല്ല. ഖുർആനിലും ഹദീസിലും ഇസ്തിഗാസക്കു തെളിവ് ഇല്ല എങ്കിൽ തന്നെ (അവരുടെ വാദപ്രകാരം), ഖുർആനും ഹദീസും സ്വഹാബത്തിൽ നിന്ന്നേരിട്ട് പഠിച്ച പത്ത് ലക്ഷത്തിൽ പരം ഹദീസുകൾ മന:പാഠമാക്കിയവരായ ഇമാമീങ്ങൾ ഇസ്തിഗാസ

നടത്തിയതു കൊണ്ട് നമുക്ക് നടത്താം. കാരണം ഇസ്തിഗാസ പാടില്ല എന്നു പറയുന്നവർക്ക് നൂറ് ഹദീസ് പോലും മന:പാഠമുള്ളവരല്ല. മാത്രമല്ല പാടില്ല എന്ന് പറയുന്ന വരുടെ പക്കൽ ഇന്ന് ലോകത്തുള്ള മുഴുവൻ ഹദീസും ഒരുമിച്ചു കൂട്ടിയാ ൽതന്നെ അമ്പതിനായിരം ഹദീസ്പോലുമാകുന്നില്ല. അപ്പോൾ നാം ആരെ സ്വീകരിക്കണം ? പൂർവ്വീക ഇമാമീംങ്ങളെ സ്വീകരിക്കലല്ലേ നമ്മുടെ വിജയത്തിന് നല്ലത്. ഖുർആനും സുന്നത്തും നേരിട്ട് അതതിൻെറ നിലക്ക് ഇത്രയും ഭീമമായ ഹദീസുകൾ കൊണ്ട് മനസ്സിലാക്കിയവരെ നാം സ്വീകരിക്കണം. തുണ്ടംഹദീസും തുണ്ടം ആയത്തും ഓതിക്കൊണ്ട് അതു ശിർക്കാണ് ഇത് ശിർക്കാണ് എന്ന് പറയുന്നത് നാം മുഖവിലക്കെടുക്കേണ്ടതില്ല. നാം കാര്യമാക്കേണ്ടത് അതിനർഹരായവരുടെ ഗ്രന്ഥങ്ങളിൽ അതുണ്ടോ അല്ലെങ്കിൽ അവർ ഇസ്തിഗാസ ചെയ്തിട്ടുണ്ടോ എന്നുള്ളതാണ്.

ഇതു പറയുമ്പോൾ ചിലപ്പോൾ ടീച്ചർ ചോദിച്ചേക്കാം നബി(സ)യുടെ ഒരു ഹദീസ് "നിങ്ങളിൽ രണ്ട് കാര്യം ഞാൻ ഒഴിവാക്കിപ്പോകുന്നു അതു രണ്ടും നിങ്ങൾ മുറുകെ പിടിക്കുന്ന കാലത്തോളം നിങ്ങൾ വഴിപിഴക്കില്ല" എന്ന ഹദീസ് ഈ ഹദീസിനു വിരുദ്ധമല്ലെ നിങ്ങൾ പറഞ്ഞത് എന്ന് ടീച്ചർ അല്ലെങ്കിൽ ഇതു വയിക്കുന്ന മറ്റാരെങ്കിലും ചോദിക്കുകയാണെങ്കിൽ തീർച്ചയായും ശരിതന്നെയാണ് ആ ഹദീസ് തന്നെയാണ് നാം സ്വീകരിക്കേണ്ടത്. പ്രവാചകൻ(സ) പറഞ്ഞതിനർത്ഥം നിങ്ങൾ മുസ്ഹഫും ഹദീസ് കിതാബും കൊണ്ട് പോയി അവരവർക്ക് മനസ്സിലയാത് പോലെ ജീവിച്ചോ എന്നാണോ ? എങ്കിൽ ഇന്ന് നമ്മുടെ ഇടയിൽ ഇസ്ലാമിൻെറ പേരിൽ പ്രവർത്തിക്കുന്ന ശിയാക്കളും, ഖാദിയാനികളും, ചേകനൂരികൾ വരെ ഹിദായത്തുള്ളവരാകേണ്ടേ ? അപ്പോൾ എന്താ നബി പറഞ്ഞതിൽ നിന്ന് മനസ്സിലാക്കേണ്ടത് ? അതു പ്രവാചകൻ (സ) മറ്റൊരു ഹദീസിലൂടെ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. നബി(സ) ഒരിക്കൽ പറയുകയുണ്ടായി "എൻെറ സമുദായം എഴുപത്തിമൂന്ന് വിഭാഗമാകും ഒക്കെ നരകത്തിലാണ് ഒരു കൂട്ടരൊഴികെ" സ്വഹാബത്ത് ചോദിച്ചു 'ആ ഒരു കൂട്ടർ ആരാണ് നബിയേ' ? അപ്പോൾ പ്രവാചകൻ(സ) പറഞ്ഞതെന്താ ? ഖുർആനും സുന്നത്തും അനുസരിച്ച് ജീവിക്കുന്നവർ എന്നല്ല,,,, അങ്ങനെ പറയാത്തതിൻെറ കാരണം അങ്ങനെ പറഞ്ഞാൽ എല്ലാവരും സത്യത്തിൽ പെടും. ഖുർആൻ ഓതി പ്രസംഗിക്കുന്ന കൃസ്ത്യാനികൾ വരെ അതിൽ പെട്ടുപോകും. പിന്നെന്താ നബി(സ) പറഞ്ഞത് "ഞാനും എൻെറ സഹാബത്തും ഏതൊരു വഴിയിലാണോ ജീവിച്ചത് ആവഴി പിൻപറ്റി ജീവിക്കുന്നവരാണ് " എന്നാണ്. ഇതു അവകാശപ്പെടാൻ സുന്നികൾ

ക്ക് മാത്രമേ അവകാശമുള്ളൂ കാരണം സ്വഹബാത്തിൻെറയും അവർ ഏൽപിച്ച് കൊടുത്ത താബിഉകളെയും ജീവിതം മനസ്സിലാക്കി ജീവിക്കുന്നവർ സുന്നികൾ മാത്രമാണ് അല്ലാത്തവർ ഖുർആനിൻെറയും ഹദീസിൻെറയും പേർപറഞ്ഞ് അവരവർക്ക് ഖുർആനിൽ നിന്നും ഹദീസിൽ നിന്നും തോന്നിയതു പോലെ ജീവിക്കുകയും അങ്ങിനെ ചെയ്യണമെന്ന് പ്രചരിപ്പിക്കുന്നവരുമാണ്. സ്വഹാബത്തിന് തെറ്റ് പറ്റുമെന്ന് പറഞ്ഞ ആളുകളെ നാം മേലെ സൂചിപ്പിച്ചുവല്ലോ.
അപ്പോൾ ഇതു വരെ പറഞ്ഞു വന്നതിൻെറ സാരം ഖുർആനും ഹദീസും സ്വീകരിക്കുന്നതോടുകൂടി പൂർവീകരായ പണ്ഡിതരെയും നാം അംഗീകരിക്കണം അവർ പറഞ്ഞത് നാം സ്വീകരിക്കണം അവർ പറഞ്ഞത് ഖുർആനും ഹദീസും തന്നെയാണ്. അവരെയും ഇക്കാലത്തുള്ള പണ്ഡിതരെയും (അതു മുജാഹിദായാലും ജമാഅത്തയാലും സുന്നിയായാൽ തന്നെ) വെച്ച് നോക്കുമ്പോൾ അവരുടെ നാലയലത്ത് പോലും എത്തില്ല. എന്നിട്ടാണോ അവരെ ഒഴിവാക്കി നാം മൗലവിമാർ പറയുന്നത് സ്വീകരിക്കുന്നത്. അപ്പോൾ സുന്നി പണ്ഡിതരെ എങ്ങനെയാ സ്വീകരിക്കുക എന്ന് താങ്കൾ ചോദിച്ചേക്കാം, സുന്നി പണ്ഡിതർ അവർ പൂർവീകരുടെ ഗ്രന്ഥങ്ങളിൽ നിന്ന് ഉദ്ധരിക്കുന്നതാണ് അത് കൊണ്ടാ അവരെ സ്വീകരിക്കുന്നത്. അതേ സമയം മുജാഹിദ്, ജമാഅത്തു തുടങ്ങിയവർ ഖുർആനും സുന്നത്തും സ്വീകരിക്കണമെന്നു പറഞ്ഞ് അവരുടെ ബുദ്ധിക്ക് യോജിച്ചതിനെ അവർ എടുക്കുന്നു അല്ലാത്തവ തള്ളുന്നു.
പൂർവീക പണ്ഡിതന്മാരൊക്കെ ഇസ്തിഗാസ ചെയ്തതായി ഗ്രന്ഥങ്ങളിൽ കാണുന്നു അതു കൊണ്ടു തന്നെ നമുക്കും ഇസ്തിഗാസ ചെയ്യാവുന്നതാണ്.
മറ്റൊരു കാര്യം, ഇസ്തിഗാസ ചെയ്യൽ നിർബന്ധമൊന്നുമില്ല ചെയ്യുന്നവർക്ക് ചെയ്യാം അല്ലാത്തവർക്ക് ചെയ്യാതിരിക്കാം.
ഇത്രയും നിസ്സാരമായ കാര്യത്തിനാണോ ഈ കോലാഹലം നടത്തുന്നതെന്നു താങ്കൾ ചോദിച്ചേക്കാം,, ഇസ്തിഗാസ ചെയ്യാത്ത ഒരാളോട് നമ്മൾ ഒന്നും പറയാറില്ല, അതേ സമയം പൂർവ്വീകർ ആരും പറയാത്ത പുതിയ വാദവുമായി അതായത് ഇസ്തിഗാസ ശിർക്കാണ് അത് ചെയ്യുന്നവർ മുശ്രിക്കാണ് എന്ന് പറയുമ്പോഴാണ് കുഴപ്പമാകുന്നത് അതിനാണ് ഇവിടെ നടക്കുന്ന കോലാഹലങ്ങളൊക്കെ,

ഇനി താങ്കൾ ചോദിച്ചേക്കാം, ഇസ്തിഗാസക്കു ഖുർആനിൽ തെളിവില്ലേ എന്ന്. ഇസ്തിഗാസക്ക് വിശുദ്ധ ഖുർആനിൽ ഒട്ടേറെ തെളിവുകളുണ്ട് ഹദീസുകളിലും തെളിവുകളുണ്ട്. തെളിവുകൾ ഇല്ലാത്തതിൻെറ കുറവല്ല മറിച്ച് ഉള്ളതെളിവുകൾ അംഗീകരിക്കാത്തതിൻെറ കുറവാണ്. പഴയകാലത്ത് നടന്ന കൊട്ടപ്പുറം സംവാദം മുതൽ ഇപ്പോൾ അവസാനം നടന്ന ആ

ലുവാ സംവാദത്തിൽ വരെ ഇസ്തിഗാസക്കു തെളിവായി വിശുദ്ധ ഖുർആൻ ആയത്തുകൾ ഓതുന്നത് താങ്കൾ കേട്ടിരിക്കുമല്ലോ. ഇപ്പോൾ ഈ വിനീതൻ തന്നെ അവയിൽ നിന്ന് ഏതെങ്കിലും ആയത്തുകൾ ഇവിടെ കുറിച്ചാൽ ആആയത്ത് സ്വീകരിച്ചുകൊണ്ട് മുജാഹിദുകൾ, ജമാഅത്തുകാർ തുടങ്ങിയഎല്ലാവരും ഇസ്തിഗാസ സ്വീകരിക്കുമെന്നുള്ള വിശ്വാസമൊന്നും നമുക്കില്ല. കാരണം നാം മേലെ സൂചിപ്പിച്ചല്ലോ. ആയത്തോ ഹദീസോ കുറിക്കുന്നതിനുമുമ്പ് പ്രായോഗികമായ വിഷയത്തിലേക്ക് ഒരു നിമിഷം ചിന്തിക്കാൻ വേണ്ടിയാണിത്.
ഇനി പൂർവീക പണ്ഡിതർ ഇസ്തിഗാസ നടത്തിയുട്ടുണ്ടോ എന്നു താങ്കൾക്കു ചോദിക്കാവുന്നതാണ്. അങ്ങിനെ നടത്തിയിട്ടില്ല എന്നാണ് താങ്കൾ മനസ്സിലാക്കി വെച്ചതെങ്കിൽ അറിയിക്കുക. എത്രയോ തെളിവുകൾ നമുക്ക് നിരത്താൻ സാധിക്കും. അത് താങ്കളുടെ മറുപടിക്ക് ശേഷം പ്രതീക്ഷിക്കാം.
താങ്കൾക്ക് വേണ്ടി തയ്യാറാക്കിയ ഈ മറുപടി, ഓൺലൈനിലുള്ള നമ്മുടെ മറ്റ് സുഹൃത്തുക്കൾക്കും ഇതു ഫോർവേഡ് ചെയ്യുന്നു. കാരണം നിഷ്പക്ഷമായ ആളുകൾക്ക് ഇത് ഉപകരിച്ചാൽ അതു പരിശുദ്ധ ദീനിനു നേട്ടമായിരിക്കുമല്ലോ. പരസ്പരം മുശ്‌രികാക്കുന്നതിൽ നിന്നെങ്കിലും ആരെങ്കിലും പിന്മാറിയാൽ നമ്മുടെപ്രവർത്തനം അതൊരുകാരണമാകുമല്ലോ. അല്ലാഹു സ്വീകരിക്കട്ടെ. ആമീൻ.
സത്യം സത്യമായി മനസ്സിലാക്കുവാനും അതുൾക്കൊണ്ട് ജീവിക്കുവാനും നാഥൻ നമ്മെ തുണക്കട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തുന്നു.
ദുആ വസിയ്യത്തോടെ,
എന്ന് സഹോദരൻ,,
സി പി അബ്ദുല്ല ചെരുമ്പ


www.islamkerala.com
e-mail : abdulla_cherumba@yahoo.com
Mobile : 00971 50 7927429